**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5343** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രങ്ങൾ നിലനിർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊടുവള്ളി ജോയിന്റ് ആർ.ടി.ഒ. പരിധിയിൽ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രങ്ങൾ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഉത്തരവ് പ്രകാരം ഡ്രൈവിങ്ങ് ടെസ്റ്റിനായി അനുയോജ്യമായ സ്ഥലം തലപ്പെരുമണ്ണ എന്ന സ്ഥലത്ത് കണ്ടെത്തുകയും 03/03/2025 മുതൽ മുക്കം, പൊയ്യയിൽ എന്നി സ്ഥലങ്ങളിൽ വച്ച് നടത്തിയിരുന്ന ഡ്രൈവിങ്ങ് ടെസ്റ്റുകൾ തലപ്പെരുമണ്ണയിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി മുക്കം ഉൾപ്പെടെയുള്ള ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രങ്ങൾ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | കൊറോണ കാലത്ത് ആൾക്കൂട്ടം ഒഴിവാക്കുന്നതിനായി താൽക്കാലികമായാണ് മുക്കത്ത് ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ട് ആരംഭിച്ചത്. ഡ്രൈവിംഗ് സ്കൂളുകളുടെ സമര സമയത്ത് അംഗീകൃത ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകളിലേക്ക് ഡ്രൈവിംഗ് ടെസ്റ്റ് മാറ്റണമെന്നുള്ള ഗതാഗത കമ്മീഷണറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് താൽകാലികമായി ഡ്രൈവിംഗ് അനുവദിച്ച മുക്കത്തു നിന്നും കൊടുവള്ളി ആർ.ടി.ഒ. യുടെ അംഗീകൃത ടെസ്റ്റ് ഗ്രൗണ്ടായ തലപ്പെരുമണ്ണയിലേക്ക് ഡ്രൈവിംഗ് ടെസ്റ്റ് 2025 മാർച്ച് 3 മുതൽ മാറ്റിയത്.<br><br>ഗതാഗത കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ 4/2024 ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രങ്ങൾ നിർത്തലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ